(സി) പുനർ ദർഘാസ് നടത്തി നിലവിലുള്ള പണികൾ എല്ലാം പൂർത്തീകരിച്ച് 12/2012-ൽ കമ്മീഷൻ ചെയ്യുന്നതിനായി ലക്ഷ്യമിടുന്നു.

പന്തളം-മങ്ങാരം കുടിവെള്ള പദ്ധതി

106 (556) ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൽ.ഐ.സി. ഉപേക്ഷിച്ചുപോയ പന്തളം-മങ്ങാരം കുടിവെള്ള പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്തെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി വൈകുന്നതിന്റെ കാരണം വ്യക്തമാക്കുമോ ;

(സി) നടപടിക്രമങ്ങൾ ലഘൂകരിച്ച് പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ എന്തൊക്കെ നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ ;

(ഡി) പന്തളം-മങ്ങാരം കുടിവെള്ളപദ്ധതി എന്നത്തേക്ക് കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) ഇപ്പോൾ നബാർഡ് ധനസഹായത്തോടെ നടപ്പിലാക്കിവരുന്ന ഈ പദ്ധതിയുടെ കിണർ, ശുദ്ധീകരണശാല, (8MCD) ജല സംഭരണികൾ പി.വി. സി. വിതരണ ശൃംഖലകൾ എന്നിവയുടെ പണികൾ പൂർത്തീകരിച്ചു. വിവിധ പമ്പുഹൗസുകളിൽ പമ്പ് സെറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. പമ്പിംഗ് മെയിനുകൾ DI വിതരണ ശൃംഖല, ട്രാൻസ്ഫോർമർ സ്ഥാപിക്കൽ എന്നിവയുടെ ടെണ്ടർ നടപടികൾ പൂർത്തിയായിവരുന്നു. ടെണ്ടർ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് ഇവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

(ബി) പമ്പിംഗ് മെയിനുകൾ, DI വിതരണ ശൃംഖല എന്നിവ സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ പൂർത്തിയാകാത്തതുമൂലമാണ് പദ്ധതി വൈകുന്നത്.

(സി) മതിയായ ഫണ്ടിന്റെ അഭാവംമൂലം പദ്ധതി ഇടയ്ക്ക് മുടങ്ങിക്കിടന്നുവെങ്കിലും ഇപ്പോൾ നബാർഡിന്റെ സഹായത്തോടുകൂടി പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) ടെണ്ടർ നടപടികൾ പൂർത്തിയായി 15 മാസത്തിനകം പദ്ധതി പൂർത്തിയാക്കാൻ സാധിക്കും.

മലപ്പുറം ജില്ലയിലെ വാഴയൂർക്കയം നന്നാക്കുന്നതിന് നടപടി

107 (557) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 13-ാം ധനകാര്യ കമ്മീഷന്റെ അവാർഡ് തുകയിൽ ഉൾപ്പെടുത്തി മലപ്പുറം ജില്ലയിലെ "വാഴയൂർക്കയം" നന്നാക്കുന്നതിന് പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly